(സി) കുന്നംകുളം സ്റ്റേഷന്റെ പ്രവർത്തനമേഖല വിഭജിച്ച് പെരുമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-ൽ 1892 കേസ്സുകളും 2012-ൽ 2620 കേസ്സുകളും 2013-ൽ 2830 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2011-ൽ 1316 കേസ്സുകളിലും 2012-ൽ 1943 കേസ്സുകളിലും 2013-ൽ 2525 കേസ്സുകളിലും അന്വേഷണം നടത്തി ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ഒരു മുൻഗണനാലിസ്റ്റ് ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ പെരുമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പ്രസ്തുത പഠനശേഷം മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ.

**പത്രപ്രവർത്തകർക്കെതിരെയുള്ള പോലീസ് അതിക്രമങ്ങൾ**

**163 (6312)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പത്രപ്രവർത്തകർക്കെതിരെനടന്ന പോലീസ് അതിക്രമങ്ങളെക്കുറിച്ച് സംസ്ഥാന പോലീസ് മേധാവി പ്രത്യേകം അന്വേഷണം നടത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) പ്രത്യേകം അന്വേഷണം നടത്തുന്നില്ല.

**ജയപ്രസാദിനും നാരായണൻ നായർക്കുമെതിരെയുള്ള കേസ്സുകൾ**

**164 (6313)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ആഗസ്റ്റ് മാസം തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് ജംഗ്ഷനിൽവച്ച് മുഖ്യമന്ത്രിയെ കരിങ്കൊടികാണിച്ച ജയപ്രസാദിനോടും 2014 ഫെബ്രുവരിയിൽ വടകരയിൽ ദേശീയപാത സ്ഥലമെടുപ്പിനെതിരെ പ്രതിഷേധിച്ച നാരായണൻ നായരോടും പോലീസുകാർ അതിക്രമംകാണിച്ച സംഭവങ്ങളിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ എന്തെല്ലാം തുടർ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുറ്റക്കാരായ പോലീസുകാർക്കെതിരെ കേസ്സെടുത്ത് അന്വേഷണം നടത്തുകയും ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ജയപ്രസാദിനെതിരെയും നാരായണൻ നായർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ & ബി) 2013 ആഗസ്റ്റ് മാസം തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് ജംഗ്ഷനിൽവച്ച് മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച ജയപ്രസാദിനെ ദേഹോപദ്രവം ഏൽപ്പിച്ചതിലേക്ക് പൂന്തുറ Gr.SI ആയിരുന്ന വിജയദാസിനെ പ്രതിയാക്കി രജിസ്റ്റർ ചെയ്ത പേട്ട PS Crime 1275/13-ാം നമ്പർ കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുള്ളതും ബഹുമാനപ്പെട്ട കോടതിമുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. വിജയദാസിനെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതും വകുപ്പുതല നടപടികൾ കൈക്കൊണ്ടിട്ടുള്ളതുമാണ്.

സർവ്വേ നടപടികൾ തടസ്സപ്പെടുത്തിയ പ്രവർത്തകരെ അറസ്റ്റ് ചെയ്ത് നീക്കുമ്പോൾ അറസ്റ്റിന് വിസമ്മതിച്ച നാരായണൻ നായരെ വടകര സി.ഐ. അദ്ദേഹത്തിന്റെ ബെൽറ്റിൽ പിടിച്ച് മതിയായ ബലം പ്രയോഗിച്ച് പോലീസ് വാഹനത്തിൽ കയറ്റുകമാത്രമേ ചെയ്തിട്ടുള്ളുവെന്ന് അന്വേഷണത്തിൽ വ്യക്തമായതിനാൽ പോലീസുദ്യോഗസ്ഥർക്കെതിരെ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ജയപ്രസാദിനും മറ്റുമെതിരെ പേട്ട PS Crime No. 1260/13 U/s 143, 147, 149, 283, 353, 188 r/w Sec 3 (1) of PDPP Act 1984 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഈ കേസ്സിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. നാരായണൻ നായർ ഉൾപ്പെടെ ന്യായവിരോധമായി സംഘം ചേർന്ന് സർവ്വേ ജോലി തടസ്സപ്പെടുത്തിയതിനും NH ഉപരോധിച്ച് വാഹന ഗതാഗതം തടസ്സപ്പെടുത്തിയതിനും സ്ഥലത്തുനിന്ന് പിരിഞ്ഞുപോകാൻ നിയമാനുസൃതമായ പോലീസിന്റെ ആജ്ഞ ലംഘിച്ചും സമരം തുടരുകയും പോലീസിന്റെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിനും വടകര PS Crime No.224/14 U/s 143, 147, 145, 283 r/w 149 & 147 C of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് ബഹുമാനപ്പെട്ട വടകര JFCM ഒന്ന് മുമ്പാകെ 23-4-2014-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്.

രാമചന്ദ്രൻ നായരുടെ ദുരൂഹമരണം

**165 (6314)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ ചടയമംഗലം വില്ലേജിൽ ഉള്ളനാട് പ്ലാവിളവീട്ടിൽ രാമചന്ദ്രൻ നായരുടെ ദുരൂഹ മരണം സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ചടയമംഗലം പോലീസ് സ്റ്റേഷനിൽ ഭാര്യ സുജാത നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly